# ECHO OF HIS CALL

MALAYALAM

## വിളിയുടെ പ്രതിധ്വനി

**India's National Spiritual Newspaper**

₹ 10/-

REACHING NATIONS

Published monthly in ENGLISH, TAMIL, MALAYALAM, TELUGU, HINDI, KANNADA, MARATHI, BENGALI, GUJARATI, ODIYA, ASSAMESE, PUNJABI, NEPALI, URDU, SINHALA & AFRIKAN

Editor : S. SAM SELVA RAJ | 16 Languages | Associate Editor : Ev. BENJAMIN MOSES

Vol. XXXI | YEAR OF OUR LORD JESUS CHRIST, 2025 JULY | No. 09


### വിശുദ്ധ വേദപുസ്തകം

ദയവായി ഈ ഭാഗം മനഃപാഠമാക്കുക

**സങ്കീർത്തനങ്ങൾ 8:1 – 9**

01. ഞങ്ങളുടെ കർത്താവായ യഹോവേ, നിന്റെ നാമം ഭൂമിയിലൊക്കെയും ശ്രേഷ്ഠമായിരിക്കുന്നു! നീ ആകാശത്തിൽ നിന്റെ തേജസ്സു വെച്ചിരിക്കുന്നു.
02. നിന്റെ വൈരികൾനിമിത്തം, ശത്രുവിനെയും പകയനെയും മിണ്ടാതാക്കുവാൻ തന്നേ, നീ ശിശുക്കളുടെയും മുലകുടിക്കുന്നവരുടെയും വായിൽനിന്നു ബലം നിയമിച്ചിരിക്കുന്നു.
03. നിന്റെ വിരലുകളുടെ പണിയായ ആകാശത്തെയും നീ ഉണ്ടാക്കിയ ചന്ദ്രനെയും നക്ഷത്രങ്ങളെയും നോക്കുമ്പോൾ,
04. മർത്യനെ നീ ഓർക്കേണ്ടതിന്നു അവൻ എന്തു? മനുഷ്യപുത്രനെ സന്ദർശിക്കേണ്ടതിന്നു അവൻ എന്തുമാത്രം?
05. നീ അവനെ ദൈവത്തെക്കാൾ അല്പം മാത്രം താഴ്ത്തി, തേജസ്സും ബഹുമാനവും അവനെ അണിയിച്ചിരിക്കുന്നു.
06. നിന്റെ കൈകളുടെ പ്രവൃത്തികൾക്കു നീ അവനെ അധിപതിയാക്കി, സകലത്തെയും അവന്റെ കാൽകീഴെയാക്കിയിരിക്കുന്നു.
07. ആടുകളെയും കാളകളെയും എല്ലാം കാട്ടിലെ മൃഗങ്ങളെയൊക്കെയും
08. ആകാശത്തിലെ പക്ഷികളെയും സമുദ്രത്തിലെ മത്സ്യങ്ങളെയും സമുദ്രമാർഗ്ഗങ്ങളിൽ സഞ്ചരിക്കുന്ന സകലത്തെയും തന്നേ.
09. ഞങ്ങളുടെ കർത്താവായ യഹോവേ, നിന്റെ നാമം ഭൂമിയിലൊക്കെയും എത്ര ശ്രേഷ്ഠമായിരിക്കുന്നു.

# ഫലം കായ്ക്കാനായി നിന്നെ തിരഞ്ഞെടുത്തിരിക്കുന്നു!

## YOU ARE CHOSEN TO BEAR FRUIT!

*സിസ്റ്റർ ഏഞ്ചൽ*





നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ അതുല്ല്യ നാമത്തിൽ നിങ്ങൾക്ക് ആശംസകൾ!

2025 ന്റെ രണ്ടാം പകുതിയിലേക്കു കാലെടുത്തുവയ്ക്കുവാൻ നമ്മെ കൃപയോടെ അനുവദിച്ചതിന് ഞാൻ ദൈവത്തിന് നന്ദി പറയുകയും സ്തുതിക്കുകയും ചെയ്യുന്നു. അവന്റെ വിശ്വസ്തത വലിയതാണ്.

ഈ വർഷം നാം മുന്നോട്ട് പോകുമ്പോൾ, നമ്മിൽ എത്ര പേർ നമ്മുടെ പുതുവത്സര പ്രതിജ്ഞകൾ മുറുകെ പിടിക്കുന്നുണ്ട് എന്നു ഞാൻ ആശ്ചര്യപ്പെടുന്നു. ഇന്നു നമ്മൾ എന്താണോ അത് ഇന്നലെ നാം എടുത്ത തീരുമാനങ്ങളുടെയും തിരഞ്ഞെടുപ്പുകളുടെയും ഫലമാണ്. അതുപോലെ, നാളെ നാം എവിടെയായിരിക്കും എന്നത് ഇന്ന് നമ്മൾ എടുക്കുന്ന തിരഞ്ഞെടുപ്പുകളെ ആശ്രയിച്ചിരിക്കുന്നു. ഓരോ തിരഞ്ഞെടുപ്പിനും അനന്തരഫലങ്ങൾ ഉണ്ട്.

ഓരോ ദിവസവും നമ്മൾ എണ്ണമറ്റ തീരുമാനങ്ങൾ അഭിമുഖീകരിക്കുന്നു – എന്ത് കഴിക്കണം, എന്ത് ധരിക്കണം, ജോലിക്കു പോകണോ, അങ്ങനെ പലതും. നമ്മൾ പലപ്പോഴും നൂറുകണക്കിന് തിരഞ്ഞെടുപ്പുകൾ നടത്തുന്നത് നാം അറിയാതെ തന്നെയാണ്.

ഈ തീരുമാനങ്ങൾക്കെല്ലാം ഇടയിൽ, യേശുക്രിസ്തുവിന്റെ ശബ്ദം കേൾക്കൂ: "ഞാൻ നിന്നെ തിരഞ്ഞെടുത്തു!"

*3-ാം പേജിൽ തുടരും...*




**Echo of His Call**

*Christian YouTube Channel!*

**An opportunity to pray with Pr. S. Sam Selva Raj!**

Message & Prayer in 5 minutes!!

**English, Hindi, Tamil & Telugu**

Every day – From 2.00 A.M.

**Tamil Sunday Service – 8.30 A.M.**

*** Please Subscribe and Share ***

ECHO OF HIS CALL - (1969-2019 GOLDEN JUBILEE YEAR)

## from your dearly beloved brother...





### ഞങ്ങളുടെ നിയോഗം

പ്രാചീന അപ്പൊസ്തലരുടെ ഉപദേശങ്ങൾ ആനുകാലിക തലമുറയ്ക്കു മായമില്ലാതെ വ്യാഖ്യാനം ചെയ്ത് പഠിപ്പിക്കുക എന്നതാണ് ഞങ്ങളുടെ ധർമ്മം. അതാണ് ഈ നിമിഷത്തിന്റെ ആവശ്യവും.

HON. EDITOR-IN-CHIEF
Rev. Angeline S. Kumari, M.A., M.Sc., M.Ed.
EX MANAGING EDITOR
Pastor Alex Samson Sam, B.Th., M.Div.
GENERAL MANAGER
Bro. N. Prakasam, M.A., M.Sc.(C&P), PGDHRM., MBA.
ADMINISTRATION
Sis. Jesy Veena Sam
Adv. K. Puratchivendan, M.Com., C.A., B.L.
Dr. P.E.R. Premchand, M.Sc., M.A., M.Ed., Ph.D.
Dr. C.G.S. Baburao, B.Tech., M.Tech. (DM), Ph.D.
Dr. Rabinder Boaz, M.S. (CMC)
EDITORIAL BOARD
Dr. Serena Bevin, M.A., M.Phil., B.Ed.
Sis. Sajini Cherian
Rev. Dr. K.R. Rajasekaran
Rev. Dr. William Robert, Ph.D., DD, D.Lit.

EDITOR, PUBLISHER & PRINTER
Pastor S. SAM SELVA RAJ
Echo of His Call Printers
10, Mohammed Abdullah 2nd Street,
Chepauk, Chennai- 600 005, India.
Phone : (+ 91- 44) 2852 8282, 2852 9293, 2854 7766
Cell : (+91) 98410 71852, 98412 71858
95661 31858
E.MAIL
sam@echoofhiscall.org
biblecor@yahoo.co.in
WEBSITES
www.echoofhiscall.org
www.stpaulsmatriculation.org
YOUTUBE CHANNEL
Echo of His Call

## യഹോവ നിന്റെ ആശ്രയമായിരിക്കും; അവൻ നിന്റെ കാൽ കുടുങ്ങാതവണ്ണം കാക്കും.

**സദൃശ്യവാക്യങ്ങൾ 3:26**

ക്രിസ്തുയേശുവിൽ പ്രീയസുഹൃത്തുക്കളേ,

നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ വിലയേറിയ നാമത്തിൽ നിങ്ങൾക്കു ഊഷ്മളമായ ആശംസകൾ!

ദൈവത്തിന്റെ പരമാധികാര കൃപയാൽ, വളരെ സവിശേഷമായ ഒരു ജൂൺ മാസത്തിലൂടെയാണ് നാം കടന്നുപോയത്. ഞങ്ങളുടെ ശുശ്രൂഷയുടെ വിവിധ മേഖലകളിലുടനീളം തീവ്രമായ പ്രവർത്തനങ്ങൾ നിറഞ്ഞ മാസമായിരുന്നു അത്. **വിളിയുടെ പ്രതിധ്വനി** മാസിക, **സുവിശേഷ അച്ചടിശാല, മുഖ്യസഭയും ശാഖാ സഭകളും, ബൈബിൾകോർ** – ബൈബിൾ കറസ്പോണ്ടൻസ് കോഴ്സ് (ബേസിക്ക്), **തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ്, നെഹെമ്യ ബൈബിൾ കോളേജുകൾ, സെന്റ് പോൾസ് മെട്രിക്കുലേഷൻ ക്രിസ്ത്യൻ ഇംഗ്ലീഷ് ഹൈസ്കൂൾ**, വെക്കേഷൻ ചിൽഡ്രൻസ് മിനിസ്ട്രി, യൂത്ത് മിനിസ്ട്രി, ആശുപത്രി ശുശ്രൂഷ, പുരുഷ-വനിത ശുശ്രൂഷകൾ, മിഷൻ സെന്ററുകൾ, യുട്യൂബ് ശുശ്രൂഷ, കൂടാതെ ഞങ്ങളുടെ അഡ്മിനിസ്ട്രേറ്റീവ് ടീമുകളും കുടുംബങ്ങളും അടങ്ങുന്ന പ്രവർത്തനങ്ങളാണ് ഞങ്ങളുടെ ശുശ്രൂഷകൾ.

ഈ വൈവിധ്യമായ മേഖലകളിൽ നൂറുകണക്കിന് പ്രതിബദ്ധതയുള്ള വ്യക്തികൾ വിശ്വസ്തതയോടെ പ്രവർത്തിക്കുന്നു. പ്രാർത്ഥന, പരിപാടികൾ ആസൂത്രണം ചെയ്യുക, വയലേലകളിൽനിന്നുള്ള പ്രതികരണം എന്നിവ അവലോകനം ചെയ്യാൻ ഞങ്ങളുടെ പ്രധാന



*പ്രതിമാസ പ്രാർത്ഥനക്കായി കൂടിയിരിക്കുന്ന സഭയിലെ പ്രധാന നേതാക്കൾ*

നേതാക്കൾ എല്ലാ മാസവും ഒത്തുകൂടുന്നത് തുടരുന്നു. കർത്താവിന്റെ സമൃദ്ധമായ കൃപകൾക്കായി ഞങ്ങൾ നന്ദിയുള്ളവരാണ്.

2025 ജൂൺ 7ന് സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂൾ കാമ്പസിൽ വച്ച് 200 ലധികം ആൺകുട്ടികളും പെൺകുട്ടികളും പങ്കെടുത്ത പ്രത്യേക യുവജന ക്യാമ്പ് നടന്നു. യുവജനങ്ങൾക്ക് അവരുടെ ഭാവിയെക്കുറിച്ചും അവരുടെ ദൈവീക വിളിയെക്കുറിച്ചും





പ്രത്യേക യുവജന ക്യാമ്പ്

ദിവ്യദർശനം ലഭിച്ചതിനാൽ അത് ശക്തമായ അഭിഷേകത്തിന്റെ സമയമായിരുന്നു. അവരുടെ ജീവിതത്തിലുണ്ടായ യഥാർത്ഥ ആത്മീക പ്രവർത്തനത്തിന്റെ ഫലങ്ങൾ ഇതിനോടകം തന്നെ കണ്ടു തുടങ്ങിയിട്ടുണ്ട്. കൂടാതെ അവരുടെ ഈ മാറ്റം അവരുടെ കുടുംബങ്ങളിൽ, പ്രത്യേകിച്ച് മാതാപിതാക്കളിൽ നല്ല മാറ്റത്തിനു പ്രചോദനമായിരിക്കുന്നു. പരിശുദ്ധാത്മാവിന്റെ മഹത്തായ ഈ നീക്കത്തിന് ഞങ്ങൾ ദൈവത്തിന് എല്ലാ മഹത്വവും നൽകുന്നു.

ജൂൺ 20 മുതൽ 22 വരെ ചെപ്പോക്കിലെ ഞങ്ങളുടെ മുഖ്യ സഭയിലും സന്തോഷപുരത്തെ ശാഖാസഭയിലും വച്ചു നടന്ന കുടുംബ അനുഗ്രഹ ക്യാമ്പുകൾക്കായി ഞങ്ങൾ ദൈവത്തിനു നന്ദി പറയുന്നു. കർത്താവ് കൃപയോടെ അനുഗ്രഹങ്ങൾ ചൊരിഞ്ഞ ക്യാമ്പിൽ സമൃദ്ധമായ ആത്മീയ വിളവെടുപ്പിനും ഞങ്ങൾ സാക്ഷ്യം വഹിച്ചു. നിങ്ങളുടെ ശക്തമായ പ്രാർത്ഥനകൾക്കായി നന്ദി പറയുന്നു.

ഞങ്ങളുടെ എല്ലാ ശുശ്രൂഷകൾക്കുവേണ്ടിയും ഞങ്ങൾ ഏർപ്പെട്ടിരിക്കുന്ന വിവിധങ്ങളായ ശുശ്രൂഷകൾക്കുംവേണ്ടി നിങ്ങളുടെ തുടർച്ചയായ പ്രാർത്ഥനകൾ ഞങ്ങൾ താഴ്മയോടെ അഭ്യർത്ഥിക്കുന്നു. അന്ധകാരശക്തികൾക്കെതിരായ ആത്മീയ യുദ്ധത്തിന്റെ മുൻനിരയിൽ തന്നെ ഞങ്ങൾ ആയിരിക്കുമ്പോൾ നിരവധി വെല്ലുവിളികളും പ്രതിബന്ധങ്ങളും ഞങ്ങൾ നേരിടുന്നു. നിങ്ങളുടെ പ്രാർത്ഥനയും പിന്തുണയും വാക്കുകളാൽ പ്രകടിപ്പിക്കാൻ കഴിയുന്നതിന്റെയും അപ്പുറമാണ്.

ദൈവം നിങ്ങളെ സമൃദ്ധിയായി അനുഗ്രഹിക്കട്ടെ.

*വിളിയുടെ പ്രതിധ്വനി സംഘം*

ഇമെയിൽ : sam@echoofhiscall.org

1-ാം പേജിന്റെ തുടർച്ച...

യോഹന്നാൻ 15:16 പറയുന്നു: **നിങ്ങൾ എന്നെ തിരഞ്ഞെടുത്തു എന്നല്ല, ഞാൻ നിങ്ങളെ തിരഞ്ഞെടുത്തു...**

ഈ വാക്യം നമ്മുടെ സ്വയം നിർണ്ണയത്തെക്കുറിച്ചുള്ള ആധുനിക ധാരണയെ വെല്ലുവിളിക്കുന്നു. നാം പലപ്പോഴും നമ്മുടെ തിരഞ്ഞെടുപ്പുകളിൽ, പ്രത്യേകിച്ച് നമ്മുടെ ആത്മീയതയെക്കുറിച്ചുള്ളവയിൽ നാം അഭിമാനം കൊള്ളുന്നു. എന്നാൽ യേശുക്രിസ്തു അതിനെ മാറ്റിക്കളയുന്നു. തുടക്കം മുതൽ ദൈവം നമ്മെ അവനിലേക്ക് ആകർഷിച്ചു കൊണ്ടിരിക്കുന്നു.

പുരാതന യഹൂദ പാരമ്പര്യത്തിൽ, ശിഷ്യന്മാരാണ് തങ്ങളുടെ റബ്ബിമാരെ കണ്ടെത്തിയിരുന്നത്. എന്നാൽ യേശുക്രിസ്തു ഈ മാതൃകയെ മാറ്റുകയും അവൻ നമ്മെ തിരഞ്ഞെടുക്കുകയും ചെയ്തു.

### 1. സന്ദർഭം മനസ്സിലാക്കൽ!

യേശുക്രിസ്തു ഇത് സംസാരിച്ചതിന്റെ സന്ദർഭവും തന്റെ ശിഷ്യന്മാരുടെ ചരിത്രപാശ്ചാത്തലവും ആ നിമിഷത്തിലെ അവരുടെ വൈകാരികാവസ്ഥയും മനസ്സിലാക്കിയാലേ

## വളരെ അടിയന്തിരമായ അറിയിപ്പ്!




**വിളിയുടെ പ്രതിധ്വനി** തപാലിലൂടെ അയയ്ക്കുന്നതുമായി ബന്ധപ്പെട്ട് സമീപഭാവിയിൽ തടസ്സങ്ങൾ നേരിടാൻ സാദ്ധ്യതയുള്ളതിനാൽ **വിളിയുടെ പ്രതിധ്വനി** മാസിക തുടർന്നും ലഭിക്കണമെന്ന് താല്പരമുള്ളവർ നിങ്ങളുടെ പേര്, വിലാസം, ഇ-മെയിൽ, വാട്ട്സ്ആപ് നമ്പർ മുതലായവ ഞങ്ങളെ കത്ത്, ഇ-മെയിൽ, ഫോൺ, SMS, വാട്ട്സ്ആപ് എന്നിവയിലൂടെ എത്രയും വേഗം ഞങ്ങളെ അറിയിക്കുവിൻ.

നിങ്ങളുടെ പിന്താങ്ങൽ നിങ്ങളെ കൂടുതലായി സേവിക്കുവാൻ ഞങ്ങളെ സഹായിക്കുന്നു.

**ഞങ്ങളുടെ വിലാസം:**

**വിളിയുടെ പ്രതിധ്വനി,**
10, മുഹമ്മദ് അബ്ദുള്ള 2-ാം തെരുവ്, ചെപ്പോക്ക്, ചെന്നൈ 600 005, ഇന്ത്യ
ഫോൺ: (+91) 98412 71858 ഇ-മെയിൽ: sam@echoofhiscall.org

## പ്രാർത്ഥന അപേക്ഷ



**2025 ആഗസ്റ്റ് 8 മുതൽ 10 വരെ നടത്താൻ ആഗ്രഹിക്കുന്ന ത്രിദിന കുടുംബ യോഗത്തിന്റെ അനുഗ്രഹങ്ങൾക്കായി ദയവായി പ്രാർത്ഥിക്കുവിൻ.**

ഈ വാക്യത്തിന്റെ ആഴം മനസ്സിലാക്കാൻ സാധിക്കൂ.

## 2. ചരിത്ര പശ്ചാത്തലം!

യഹൂദ ജനതയ്ക്ക് ഒരു രാജ്യം എന്നതിന്റെ വ്യക്തിത്വവും വിടുതലും ഓർമ്മിപ്പിക്കുന്ന പെസഹ എന്ന പെരുന്നാളിന് ശിഷ്യന്മാരുമായി യേശുക്രിസ്തു പങ്കെടുക്കമ്പോഴാണ് യോഹന്നാൻ 15:16 ൽ വിവരിച്ചിരിക്കുന്ന ഈ വാക്യം സംസാരിക്കുന്നത്. ഈ വിശുദ്ധ സമ്മേളനത്തിൽ ദൈവത്തിന്റെ ജനമായിരിക്കുക എന്നതിന്റെ അർത്ഥം യേശുക്രിസ്തു പുനർനിർവചിക്കുന്നു.

മറ്റൊരാളിന്റെ അടുത്തുനിന്നും കടമായെടുത്ത മുകളിലത്തെ നിലയിലെ മാളിക മുറിയിൽ യേശുക്രിസ്തു പെസഹ ഭക്ഷിക്കാനായി ശിഷ്യന്മാരുമൊത്ത് ഇരുന്നു. ഈ മാളിക മുറി യെരുശലേമിലായിരിക്കാനാണ് സാദ്ധ്യത. ഇവിടെ വച്ച് യേശുക്രിസ്തു തന്റെ വിടവാങ്ങൽ പ്രഭാഷണം നടത്തുന്നു. ഇവിടെ പരാമർശിക്കുന്നതൊക്കെയും ആകസ്മികമായി സംഭവിച്ചതല്ല. ഇത് തന്റെ വിടവാങ്ങലിനുശേഷം ശിഷ്യന്മാരെ തയ്യാറാക്കാനും നിലനിർത്താനും ഉദ്ദേശിച്ചിട്ടുള്ള നിർണ്ണായകമായ സത്യങ്ങളാണ്.

ഇതിലൂടെ യേശുക്രിസ്തുവിന്റെ അവസാന മണിക്കൂറുകളിലെ സംഭാഷണത്തിലെ ശക്തിയും അത്യാവശ്യകതയും എടുത്തു കാണിക്കുന്നു. അത് സ്നേഹത്തോടെയും ദൈവീക ദീർഘവീക്ഷണത്തോടെയും സംസാരിക്കുന്ന ആഴത്തിലുള്ള അർത്ഥവും ഉദ്ദേശ്യവും ഉള്ള വാക്കുകളാണ്.

## 3. ശിഷ്യന്മാരുടെ വൈകാരികാവസ്ഥ!

ശിഷ്യന്മാരുടെ മാനസികവും വൈകാരികവുമായ അവസ്ഥ നിങ്ങൾ സങ്കല്പിച്ചു നോക്കുവിൻ. അവർ മൂന്ന് വർഷത്തിലേറെയായി യേശുക്രിസ്തുവിനോടൊപ്പം ഉണ്ടായിരുന്നു-അവനോടൊപ്പം നടക്കുക, അവനോടൊപ്പം ഭക്ഷണം കഴിക്കുക, അവനോടൊപ്പം ശുശ്രൂഷിക്കുക, അവനിൽനിന്നും പഠിക്കുവാൻ പകലും രാത്രിയും ചെലവഴിക്കുക. ഏറ്റവും പ്രധാനമായി, അവർക്ക് സ്വന്തമായിട്ട് ഉണ്ടായിരുന്നതെല്ലാം ഉപേക്ഷിച്ച് അവനെ പൂർണ്ണമനസ്സോടെയും പൂർണ്ണഹൃദയത്തോടെയും അനുഗമിച്ചിരുന്നു.

ഇപ്പോൾ അവരുടെ ഗുരുവിൽനിന്ന് ദുഃഖകരമായ കാര്യങ്ങളാണ് കേൾക്കുന്നത്: അവൻ മരിക്കാൻ പോകുന്നു, അവരിൽ ഒരാൾ അവനെ ഒറ്റിക്കൊടുക്കും, മറ്റൊരാൾ അവനെ തള്ളിപ്പറയും! അവരുടെ മനസ്സിൽ ഉണ്ടായ പ്രക്ഷുബ്ധത നിങ്ങൾക്കു സങ്കൽപ്പിക്കാമോ? ലോകം മുഴുവനും അവരുടെ കാൽച്ചുവടിൽ കുലുങ്ങുകയായിരുന്നു.

ഇതു വായിക്കുന്ന നിങ്ങളിൽ ചിലരെങ്കിലും സമാനമായ രീതിയിൽ നിങ്ങളുടെ ലോകവും പ്രതീക്ഷകളും വിശ്വാസവുമെല്ലാം അസ്തമിക്കുന്നതായി തോന്നി, എനിക്ക് എന്തു മുറുകെ പിടിക്കാൻ കഴിയും എന്നു ചിന്തിക്കുന്നുവെങ്കിൽ ദൈവത്തിന് നിങ്ങൾക്കായി ഒരു പ്രത്യേക സന്ദേശമുണ്ടെന്ന് അറിയുക.

പ്രധാനപ്പെട്ട പഠിപ്പിക്കലുകൾ അപ്രതീക്ഷിതമായ പ്രതിസന്ധിഘട്ടങ്ങളിൽ ഉയർന്നുവരുന്നു. യേശുക്രിസ്തു അത്തരമൊരു സമയത്തിലാണ് ഫലം കായ്ക്കുവിൻ എന്നു പറഞ്ഞത്. എങ്ങനെയാണ് ഇങ്ങനെയുള്ള സമയത്ത് ഫലം കായ്ക്കുക?

യോഹന്നാൻ 15:16 രണ്ടു ഭാഗങ്ങളായി, ആദ്യഭാഗമായ നമ്മെ തിരഞ്ഞെടുത്തതിൽ ദൈവത്തിന്റെ തിരഞ്ഞെടുപ്പും എന്നത് ഈ മാസത്തിലും, ആ തിരഞ്ഞെടുപ്പിന്റെ ഉദ്ദേശ്യം-നിലനിൽക്കുന്ന ഫലം കായ്ക്കുക എന്നത് അടുത്ത മാസവും നാം ചിന്തിക്കും.

## 1. സ്വർഗ്ഗീയമായ തിരഞ്ഞെടുപ്പ്:

### ദൈവത്തിന്റെ തിരഞ്ഞെടുപ്പിന് നാലു ഭാവങ്ങളുണ്ട്!

### (1) ദൈവം ബന്ധങ്ങളെ തുടങ്ങിവയ്ക്കുന്നു!

ദൈവമാണ് ബന്ധങ്ങൾക്ക് തുടക്കമിടുന്നതെന്ന് വചനം വെളിപ്പെടുത്തുന്നു. "ഞാൻ നിങ്ങളെ തിരഞ്ഞെടുത്തു" എന്നത് യോഹന്നാൻ 15:16ലും, ഇതേ സത്യം **ലോക സ്ഥാപനത്തിനുമുമ്പെ നമ്മെ അവൻ തിരഞ്ഞെടുത്തു** എന്ന് എഫെസ്യർ 1:4 ലും പറയുന്നു.

ദൈവത്തെ കണ്ടെത്തിയത് നാമാണ് എന്നു വിശ്വസിക്കാനുള്ള മാനുഷികമായ പ്രവണതയുടെ വെല്ലുവിളിയാണ് ദൈവം നമ്മെ എപ്പോഴും അന്വേഷിച്ചുകൊണ്ടിരിക്കുകയാണ് എന്ന സത്യം. നഷ്ടപ്പെട്ട ആടിനെക്കുറിച്ചുള്ള ഉപമ ശ്രദ്ധിക്കുവിൻ. ആ ഒരാടിന്റെ പിന്നാലെ ഇടയൻ പോകുന്നു. അതുപോലെ, നമ്മെ പിതാവിങ്കലേക്കു മടക്കിക്കൊണ്ടുവരുവാൻ അവൻ അന്വേഷിച്ചു വരുന്നു.

ഈ പരിശുദ്ധമായ തിരഞ്ഞെടുപ്പ് ഏകപക്ഷീയവും യാദൃശ്ചികവുമല്ല മറിച്ച് മനഃപൂർവ്വവും ആഴത്തിൽ പതിഞ്ഞതും വ്യക്തിപരവുമാണ്. ലോകജനതയിൽനിന്നും ദൈവം നിങ്ങളെ തിരഞ്ഞെടുത്തു. അത് എത്ര അവിശ്വസനീയമായ പദവിയാണ്!

നിങ്ങളും ഞാനും സൃഷ്ടിക്കപ്പെട്ടത് ദൈവീകമായ ഉദ്ദേശ്യത്തോടെയാണ്. അത് മനഃപൂർവ്വമായതാണെന്ന അടിസ്ഥാന സത്യം നാം ഓർക്കണം. നാം ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവരാണ്, ദൈവീക രൂപകല്പനയാൽ മെനയപ്പെട്ടവരാണ്. അല്ലാതെ സൃഷ്ടിയുടെ ക്രമരഹിത ഉൽപ്പന്നങ്ങളല്ല.

### (2) അനർഹമായ കൃപ!

ദൈവത്തിന്റെ തിരഞ്ഞെടുപ്പ് നമ്മുടെ യോഗ്യതകളെയോ നേട്ടങ്ങളെയോ അടിസ്ഥാനപ്പെടുത്തിയുള്ളതല്ല. യാക്കോബും ഏശാവും നല്ലതോ ചീത്തയോ ആയ എന്തെങ്കിലും ചെയ്യുന്നതിനുമുമ്പെ തന്നെ അവർ തിരഞ്ഞെടുക്കപ്പെട്ടു എന്ന് റോമർ9:11,12 വാക്യങ്ങളിൽ വ്യക്തമാക്കുന്നു. ദൈവത്തിന്റെ കൃപ നാം സൗജന്യമായാണ് പ്രാപിക്കുന്നതെന്ന് ഇത് വ്യക്തമാക്കുന്നു. അത് കൃപയുടെ സ്വഭാവമാണ്: അർഹിക്കാത്ത സമ്മാനം. കൃപ നമ്മുടെ പ്രകടനത്തെ അടിസ്ഥാനമാക്കിയുള്ളതാണെന്ന വിശ്വാസത്തിൽനിന്ന് ഇത് നമ്മെ മോചിപ്പിക്കുന്നു.

അതിനാൽ, നിങ്ങൾ വചനം വായിക്കാത്തതിനാലോ, സ്ഥിരമായി പ്രാർത്ഥിക്കാത്തതിനാലോ ആണ് ദൈവീക കൃപ ലഭിക്കാത്തത് എന്ന് കരുതരുത്. ഇത് ചെയ്യേണ്ടത് അത്യാവശ്യം തന്നെയാണ്. പക്ഷെ, നമ്മുടെ യോഗ്യത നമ്മുടെ പ്രവൃത്തികളിൽ നിന്നല്ല, മറിച്ച് ദൈവത്തിന്റെ കൃപയിൽ നിന്നാണ്.

എന്നിരുന്നാലും, പ്രാർത്ഥിക്കുന്നതും വചനം വായിക്കുന്നതും, ദൈവത്തോടൊപ്പം സമയം ചെലവഴിക്കുന്നതും അവനുമായുള്ള ബന്ധത്തിൽ വളരാനും, അവന്റെ ഇഷ്ടം മനസ്സിലാക്കാനും, അവനു പ്രസാദകരമായ ഒരു ജീവിതം നയിക്കാനും നമ്മെ സഹായിക്കുന്നു. കർത്താവുമൊത്തുള്ള നമ്മുടെ യാത്രകൾ വിശ്വാസത്തിൽ ജീവിക്കുന്നതിനെക്കുറിച്ചാണ്. നാം അർഹിക്കാത്ത അവന്റെ കൃപയിലുള്ള വിശ്വാസം.

6-ാം പേജിൽ തുടരും...

GREAT COMMISSION PARTNERS
ECHO OF HIS CALL MINISTRIES SINCE 1969

# പരമനിയോഗ ദൗത്യ പങ്കാളികൾ

**പങ്കിടൽ** (ഗലാത്യർ 6:2), **സഹായം** (റോമർ 12:13), **കൂടുതൽ വേഗത** (2 തിമൊഥെയോസ് 1:6)

## പ്രാർത്ഥനാ വിഷയങ്ങൾ

(ഈ കടലാസ് നിങ്ങളുടെ വേദപുസ്തകത്തിൽ വച്ച് വിഷയങ്ങൾക്കായി പ്രാർത്ഥിക്കുവിൻ)

### സ്തോത്രത്തിനായുള്ള വിഷയങ്ങൾ

**ജൂലൈ 19** ⇨ 2025-26 അദ്ധ്യയന വർഷത്തിലേക്ക് സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂളിലെയും നെഹെമ്യ ബൈബിൾ കോളേജുകളിലെയും പുതിയ പ്രവേശനത്തിന്റെ അനുഗ്രഹത്തിനായി.

**ജൂലൈ 20** ⇨ അസ്സോസിയേറ്റ് എഡിറ്റർമാരുടെയും കുടുംബാംഗങ്ങളുടെയും അനുഗ്രഹത്തിനായി.

**ജൂലൈ 21** ⇨ ഞങ്ങളുടെ പള്ളികളിൽ സേവനമനുഷ്ഠിക്കുന്ന പാസ്റ്റർമാർക്കും വാളന്റിയർമാർക്കുമായി.

**ജൂലൈ 22** ⇨ യുവജനങ്ങളുടെയും കുട്ടികളുടെയും സംരക്ഷണ ശുശ്രൂഷക്കായുള്ള ഞങ്ങളുടെ ആഗോള ദർശനത്തിന്റെ ദൈവീകാനുഗ്രഹത്തിനായി.

**ജൂലൈ 23** ⇨ ഞങ്ങളുടെ മുഖ്യസഭയിൽ പുതിയ വിശ്വാസികൾ കടന്നുവരുവാനായി.

**ജൂലൈ 24** ⇨ സുവിശേഷം എത്തിച്ചേരാത്ത പ്രദേശങ്ങളിൽ എത്തിക്കുവാൻ ഞങ്ങളെ പ്രാപ്തരാക്കിയതിനായി.

**ജൂലൈ 25** ⇨ ഞങ്ങളുടെ മിഷണറി പ്രവർത്തകരുടെ അചഞ്ചലമായ പ്രതിബദ്ധതക്കായി.

**ജൂലൈ 26** ⇨ ലോകരാഷ്ട്രങ്ങളുടെമേലുള്ള ദൈവീക സംരക്ഷണത്തിനായി.

**ജൂലൈ 27** ⇨ പുതുതായി രക്ഷിക്കപ്പെട്ടവരെ അഭിഷേകം ചെയ്ത് ഞങ്ങളുടെ സഭാകൂട്ടായ്മയിലേക്ക് ചേർക്കുവാൻ.

**ജൂലൈ 28** ⇨ നമ്മുടെ സംസ്ഥാന കോഡിനേറ്റർമാരുടെയും അവരുടെ കൂട്ടായ്മകളുടെയും നേതൃത്വത്തിനും ഐക്യത്തിനുമായി.

**ജൂലൈ 29** ⇨ ഞങ്ങളുടെ വിശ്വസ്ത പിന്തുണക്കാരുടെ നിരന്തരമായ പ്രാർത്ഥനക്കും സഹായത്തിനുമായി.

**ജൂലൈ 30** ⇨ നമ്മുടെ പ്രാർത്ഥനാ പങ്കാളികൾ, വിശ്വാസ പങ്കാളികൾ, ജീവിത പങ്കാളികൾ, പരമനിയോഗ ദൗത്യ പങ്കാളികൾ എന്നിവരോടും കുടുംബാംഗങ്ങളോടുമുള്ള ദൈവീക കരുണക്കായി.

**ജൂലൈ 31** ⇨ ഞങ്ങളുടെ സുവിശേഷ അച്ചടിശാലയുടെ തുടർച്ചയായ പ്രവർത്തനത്തിനും ജീവനക്കാരുടെ കാര്യക്ഷമതക്കുമായി.

**ആഗസ്റ്റ് 01** ⇨ **സെന്റ്പോൾസ് മെട്രിക്കുലേഷൻ സ്കൂളിൽ** സമർപ്പിതരും പ്രവൃത്തിപരിചയമുള്ള അദ്ധ്യാപകരെയും നിയമിക്കുവാൻ സഹായിച്ചതിനായി.

**ആഗസ്റ്റ് 02** ⇨ പാസ്റ്റർ സാം സെൽവരാജിനും കുടുംബത്തിനും അനുഗ്രഹങ്ങൾ നൽകി പരിപാലിക്കുന്നതിനായി.

**ആഗസ്റ്റ് 03** ⇨ 1969 മുതലുള്ള ഞങ്ങളുടെ മാസിക ശുശ്രൂഷയുടെ പ്രതിബദ്ധതയെ ദൈവം തുടർച്ചയായി അനുഗ്രഹിച്ചുകൊണ്ടിരിക്കുന്നതിനായി

### പ്രാർത്ഥനയ്ക്കായുള്ള വിഷയങ്ങൾ

**ആഗസ്റ്റ് 04** ⇨ സുവിശേഷം എത്തിച്ചേരാത്ത സ്ഥലങ്ങളിൽ എത്തിക്കുവാനുള്ള ദൈവീക കൃപക്കായി.

**ആഗസ്റ്റ് 05** ⇨ എല്ലാ മതങ്ങൾ തമ്മിലുമുള്ള ഐക്യത്തിനായി.

**ആഗസ്റ്റ് 06** ⇨ ലോകത്തിൽ സമാധാനം നിലനിൽക്കുവാൻ.

**ആഗസ്റ്റ് 07** ⇨ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അക്രമം ഇല്ലാതാകുവാൻ.

**ആഗസ്റ്റ് 08** ⇨ അസ്സോസിയേറ്റ് എഡിറ്റർമാരുടെയും കുടുംബാംഗങ്ങളുടെയും നല്ല ആരോഗ്യത്തിനും ശക്തിക്കും.

**ആഗസ്റ്റ് 09** ⇨ എല്ലാ രാജ്യങ്ങൾക്കിടയിലും സത്യസന്ധതയും നീതിയും ഉണ്ടാകുവാൻ.

**ആഗസ്റ്റ് 10** ⇨ ഇന്ന് 57-ാം വർഷത്തിലേക്കു പ്രവേശിക്കുന്ന **വിളിയുടെ പ്രതിധ്വനി** ശുശ്രൂഷയുടെ തുടർന്നുള്ള ദൈവീക നടത്തിപ്പിനായി.

**ആഗസ്റ്റ് 11** ⇨ സീനിയർ പാസ്റ്റർ റവ. എസ്. സാം സെൽ വരാജിന്റെ പദ്ധതികളുടെ ദൈവീകാനുഗ്രഹത്തിനായി.

**ആഗസ്റ്റ് 12** ⇨ ആസൂത്രണത്തിന്റെയും വികസനത്തിന്റെയും എല്ലാ മേഖലകളിലും എല്ലാ രാജ്യങ്ങളുടെയും ഐക്യത്തിനും സമഗ്രമായ പുരോഗതിക്കുമായി.

**ആഗസ്റ്റ് 13** ⇨ ലോകമെമ്പാടുമുള്ള ജനങ്ങളുടെ ആവശ്യങ്ങൾക്കുവേണ്ടിയുള്ള കരുതലിനായി.

**ആഗസ്റ്റ് 14** ⇨ ആഗോള സാമ്പത്തിക മാന്ദ്യത്തിന്റെ അന്ത്യത്തിനായി.

**ആഗസ്റ്റ് 15** ⇨ വെക്കേഷൻ ബൈബിൾ സ്കൂളിലൂടെ യേശുക്രിസ്തുവിന്റെ സ്നേഹത്താൽ സ്പർശിക്കപ്പെട്ട കുട്ടികൾ കർത്താവിൽ വളരുവാനും വിശ്വസ്തതയോടെ ആരാധനകളിൽ പങ്കെടുക്കുവാനും.

**ആഗസ്റ്റ് 16** ⇨ മിഷണറിമാർ, ദൈവദാസന്മാർ എന്നിവർക്കെതിരെയുള്ള ആക്രമത്തിന് അന്ത്യം വരുവാൻ.

**ആഗസ്റ്റ് 17** ⇨ കുടുംബങ്ങളെ ഭിന്നിപ്പിക്കാൻ ലക്ഷ്യമിട്ടിട്ടുള്ള സാത്താന്റെ പ്രവൃത്തികളുടെ നാശത്തിനായി.

**ആഗസ്റ്റ് 18** ⇨ ദൈവമക്കൾക്ക് ആത്മീയവും ഭൗതികവുമായ അനുഗ്രഹങ്ങൾ ദൈവം പകർന്നു നൽകുവാൻ.

... 4-ാം പേജിന്റെ തുടർച്ച

അതുകൊണ്ടാണ് യേശുക്രിസ്തു ലോകത്തിലേക്കു വന്നത്. അവൻ ഭൂമിയിൽ ജീവിച്ചു, കുരിശിൽ മരിച്ചു, അടക്കപ്പെട്ടു, മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റു. അവൻ ഒരു അത്ഭുതകരവും പരമാധികാരിയുമായ ദൈവമാണ്. അത് നാം ആരാണെന്നതുകൊണ്ടല്ല, അത് അവൻ ആരാണെന്നതുകൊണ്ടാണ്.

## (3) സ്നേഹത്തിലൂടെയുള്ള തിരഞ്ഞെടുപ്പ്!

മൂന്നാമതായി, ദൈവത്തിന്റെ തിരഞ്ഞെടുപ്പിനു പിന്നിലെ പ്രചോദനം സ്നേഹമാണ്. **യിസ്രായേൽ സംഖ്യയിൽ സകല ജാതികളെക്കാളും പെരുപ്പമുള്ളവരാകകൊണ്ടല്ല, യഹോവ നിങ്ങളെ തിരഞ്ഞെടുത്തത്, യഹോവ നിങ്ങളെ സ്നേഹിക്കുന്നതുകൊണ്ടാണ്** എന്ന് ആവർത്തനപുസ്തകം 7:7,8 ൽ വെളിപ്പെടുത്തുന്നു. അവന്റെ തിരഞ്ഞെടുപ്പ് നമ്മുടെ യോഗ്യതയിൽ നിന്നല്ല അവന്റെ സ്നേഹസ്വഭാവത്തിൽനിന്നാണ് ഉണ്ടാകുന്നത്.

നമ്മുടെ ഭൂതകാലം പരിഗണിക്കാതെ ദൈവം നമ്മെ സ്നേഹിക്കുന്നു. ദൈവസ്നേഹത്തിൽനിന്ന് നമ്മെ വേർപെടുത്താൻ യാതൊന്നിനും കഴിയുകയില്ല. ഒരിക്കലും നിങ്ങൾ അവന്റെ സ്നേഹം അനുഭവിച്ചിട്ടില്ലെങ്കിലും ഉണ്ടെങ്കിലും അവന്റെ കുരിശ് ചുമക്കാൻ മടിക്കുന്നെങ്കിൽ ഈ സന്ദേശം നിങ്ങൾക്കുള്ളതാണ്. നിങ്ങളുടെ സംഘം എത്ര ചെറുതായാലും നിസ്സാരമായാലും അവനെ സ്നേഹിക്കുന്നു എങ്കിൽ അവൻ ആരിലൂടെയെങ്കിലും പ്രവർത്തിക്കും.

## (4) വ്യക്തിപരമായ തിരഞ്ഞെടുപ്പ്!

ദൈവത്തിന്റെ തിരഞ്ഞെടുപ്പ് വളരെ വ്യക്തിപരമാണ്. **ഞാൻ നിന്നെ പേർ ചൊല്ലി വിളിച്ചിരിക്കുന്നു; നീ എനിക്കുള്ളവൻ തന്നേ** എന്ന് യെശയ്യാവ് 43:1 ൽ പറഞ്ഞിരിക്കുന്നു. യേശുക്രിസ്തു തന്റെ ശിഷ്യന്മാരെ വ്യക്തിപരമായി തിരഞ്ഞെടുത്തു. അവരുടെ വ്യക്തിത്വത്തെയും ശക്തികളെയും ബലഹീനതകളെയുംകുറിച്ച് പൂർണ്ണ ബോധവാനാണ്.

ദൈവത്തിന്റെ വിളിയുടെ ഈ വ്യക്തിപരമായ വശം ആശ്വാസവും പ്രാധാന്യവും നൽകുന്നു. ഞങ്ങൾ യാദൃശ്ചികമായി തിരഞ്ഞെടുക്കപ്പെട്ടവരല്ല, വ്യക്തിപരമായി വിളിക്കപ്പെട്ടവരും അറിയപ്പെട്ടവരും ദൈവത്താൽ സ്നേഹിക്കപ്പെടുന്നവരുമാണ്.

1 പത്രൊസ് 2:9 ൽ നാം ഇപ്രകാരം വായിക്കുന്നു: **നിങ്ങളോ അന്ധകാരത്തിൽനിന്നു തന്റെ അത്ഭുതപ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പാന്തക്കവണ്ണം തിരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയപുരോഹിതവർഗ്ഗവും വിശുദ്ധവംശവും സ്വന്തജനവും ആകുന്നു.**

നാം അവന്റെ തിരഞ്ഞെടുക്കപ്പെട്ട തലമുറയാണെന്ന് ദൈവം ഉറപ്പിക്കുന്നു. ഓർക്കുക, നാം വെറുതെ തിരഞ്ഞെടുക്കപ്പെട്ടവരല്ല, ദൈവത്തിന്റെ വ്യക്തിപരവും മനഃപൂർവ്വുമായ തിരഞ്ഞെടുപ്പാണ്.

പച്ചക്കറി ചന്തയിൽനിന്നു നാം എങ്ങനെയാണ് സാധനങ്ങൾ വാങ്ങുന്നത് എന്നു ചിന്തിക്കുവിൻ. നാം ഒന്നും അനാവശ്യമായും ക്രമരഹിതമായും എടുക്കുന്നില്ല. ഏറ്റവും നല്ലതും ഏറ്റവും അഭികാമ്യവുമായതു മാത്രം നാം തിരഞ്ഞെടുക്കുന്നു. അതുപോലെ, ദൈവം നമ്മെ മനഃപൂർവ്വമായും സ്നേഹപൂർവ്വമായും തന്റേതാക്കുവാൻ നമ്മെ തിരഞ്ഞെടുത്തു. രാജാക്കന്മാരുടെ രാജാവും പ്രപഞ്ചത്തിന്റെ കർത്താവും തന്റെ തിരഞ്ഞെടുക്കപ്പെട്ട തലമുറയുടെ ഭാഗമാകാൻ എന്നെ തിരഞ്ഞെടുത്തു എന്ന് അറിയുന്നത് എത്ര അവിശ്വസനീയ പദവിയും സന്തോഷവുമാണ്!

## II. ദൈവത്തിന്റെ തിരഞ്ഞെടുപ്പിന്റെ ക്രമം

തിരുവെഴുത്തിലുടനീളം ദൈവത്തിന്റെ തിരഞ്ഞെടുപ്പിൽ ഒരു സ്ഥിരമായ മാതൃക നമുക്കു കാണാൻ സാധിക്കും. അവൻ പലപ്പോഴും സാദ്ധ്യതയില്ലാത്ത സ്ഥാനാർത്ഥികളെ തിരഞ്ഞെടുക്കുന്നു. അവന്റെ തിരഞ്ഞെടുപ്പുകൾ പ്രവചനാതീതവും എളിമയുള്ളതും നിരുപാധികവുമാണ്.

## (a) അബ്രഹാം!

ഉൽപ്പത്തി 12:1-3 വരെ ദൈവം അബ്രഹാമിനെ കൽദയരുടെ ഊർ വിട്ട് താൻ കാണിപ്പാനിരിക്കുന്ന രാജ്യത്തേക്ക് യാത്ര ചെയ്യാൻ പറയുന്നു-ഒരു വിശ്വാസയാത്ര. അബ്രഹാം 75 വയസ്സുള്ളവനും മക്കളില്ലാത്തവനുമായിരുന്നു. എന്നിട്ടും ദൈവം അവനെ അനേകം ജനതകളുടെ പിതാവാക്കുമെന്ന് വാഗ്ദത്തം ചെയ്തു.



*അബ്രഹാം തന്റെ ഭാര്യയെക്കുറിച്ച് കള്ളം പറഞ്ഞു*

അവൻ കുറ്റമറ്റവനായിരുന്നോ? നിശ്ചയമായും അല്ല. അബീമേലെക്ക് രാജാവിൽനിന്ന് സ്വയം രക്ഷിക്കാനായി അവന്റെ ഭാര്യായ സാറയെ സഹോദരി എന്നു കള്ളം പറഞ്ഞു (ഉല്പത്തി 20). അവൻ ഹാഗാറിനെ

8 -ാം പേജിൽ തുടരും...

നെഹെമ്യ ബൈബിൾ കോളേജുകൾ
ചെപ്പോക്ക് & സന്തോഷപുരം,ചെന്നൈ.
യോഗ്യത : പത്താം ക്ലാസ്സോ അതിനു മുകളിലോ
ECHO OF HIS CALL 1969-2019 GOLDEN JUBILEE
REACHING NATIONS
അതിവേഗം അഡ്മിഷൻ നേടുവിൻ!
ദൈവശാസ്ത്രത്തിൽ ഡിപ്ലോമ
ഭാഷ : തമിഴ് (Part time)
ഹിന്ദി (Residential) (Sponsorship available)
കഴിഞ്ഞ 55 വർഷങ്ങളായി അന്താരാഷ്ട്ര ക്രിസ്തീയ നേതാക്കളും മുതിർന്ന പാസ്റ്റർമാരും അംഗീകരിച്ചത്
ബന്ധപ്പെടുവിൻ : ദി ചെയർമാൻ, നെഹെമ്യ ബൈബിൾ കോളേജ്
10, മുഹമ്മദ് അബ്ദുള്ള 2-ാം തെരുവ്, ചെപ്പോക്ക്, ചെന്നൈ-600 005, ഇന്ത്യ
ഫോൺ : (91-44) 2852 8282, മൊബൈൽ : (+91) 98410 71852/95661 31858
E-mail : sam@echoofhiscall.org / Website : www.echoofhiscall.org

## MAIN CHURCH PROGRAMMES

1. Prayer Service : 24 hours
2. **ECHO OF HIS CALL** - Monthly Magazines :English, Tamil, Malayalam, Telugu, Hindi, Kannada, Marathi, Gujarati, Bengali, Odiya, Nepali, Assamese, Punjabi, Urdu, Sinhala & Afrikan.
3. **BIBLECOR -** Basic Bible Courses (English, Tamil & Hindi)
4. Theological Correspondence Courses: English & Tamil
5. Nehemiah Bible Colleges (Chepauk, Santhoshapuram & Velachery)
6. Great Commission Partners (Network of Pastors)
7. Training Programmes – Seminars & Retreats
8. Crusades
9. Literature Distribution and Follow Up
10. Gospel Printing Press - Publications
11. St. Paul's Matriculation School - Village English High School
12. Sunday Schools (Chepauk) : 10.30 a.m. Sunday & (Velachery, Balaji Nagar & Santhoshapuram) 3.00 p.m. Sunday
13. **Early Morning Service : 5.30 a.m. Sunday**
14. **Preliminary Service : 8.00 a.m. Sunday**
15. **Tamil Service : 8.30 a.m. Sunday**
16. **Youth Meeting : 11.00 a.m. Sunday**
17. **Fellowship Lunch : 1.00 p.m. Sunday**
18. **Hindi Service : 4.00 p.m. Sunday**
19. **Telugu Service : 5.00 p.m. Sunday**
20. **English & Hindi Service : 6.00 p.m. Sunday**
21. Feedback Time : 7.30 p.m. Sunday
22. Women's Prayer : 5.30 p.m. Wednesday
23. Men's Prayer : 7.00 p.m. Friday
24. Discipleship Meeting : 6.00 p.m. Saturday
25. House Meetings : 6.30 p.m. Tuesday & Thursday
26. Special Holy Communion : 6.00 a.m. 1st day of each month
27. Ministers' Meeting : 6.00 p.m. First Saturday
28. Parents' Prayer : 4.00 p.m. First Sunday
29. Night Prayer : 9.30 p.m. Third Friday
30. Fasting Prayer : 9:30 a.m. Second Saturday
31. Holy Communion : Second Sunday Services
32. Youth / Kid Prayer : 10.00 p.m. daily (over phone)
33. Staff Devotion : 9.00 a.m. daily
34. Office : 9.00 a.m. to 9.00 p.m. (except Sundays)

## *വിളിയുടെ പ്രതിധ്വനി തപാൽ കോഴ്സുകൾ*

### *1. ബൈബിൾകോർ*

വേദപുസ്തകത്തിലെ പ്രാഥമിക സത്യങ്ങൾ ക്രിസ്ത്യാനികൾക്കും അക്രൈസ്തവർക്കുമായി തപാൽ കോഴ്സുകൾ ഇംഗ്ലീഷ് (57 പേജുകൾ), ഹിന്ദി (76പേജുകൾ), തമിഴ് (96 പേജുകൾ) എന്നീ ഭാഷകളിൽ ഞങ്ങൾ ചെയ്യുന്നു. പുതിയ ജീവിതം-നിങ്ങൾക്ക് എന്ന കോഴ്സ് ബുക്ക് ലഭിക്കുന്നതാണ്. കോഴ്സ് പൂർത്തിയാക്കുമ്പോൾ സർട്ടിഫിക്കേറ്റ് ലഭിക്കുന്നു. നിർബന്ധ ഫീസ് ഇല്ല. നിങ്ങൾ അനുഗ്രഹിക്കപ്പെടും.

### *2. തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ്*

തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ് എന്ന പേരിലുള്ള ആധുനിക വിദൂര വിദ്യാഭ്യാസം ഇംഗ്ലീഷ് (537 പേജുകൾ), തമിഴ് (652 പേജുകൾ) എന്നീ ഭാഷകളിൽ സുവിശേഷ പ്രവർത്തനത്തിന് താല്പര്യമുള്ള പാസ്റ്റർമാർ, സുവിശേഷകർ, ക്രിസ്തീയ നേതാക്കൾ, സാധാരണ ജനങ്ങൾ എന്നിവർക്ക് ലഭ്യമാണ്. ഫീസ് 1000/-രൂപ. 149 അദ്ധ്യായങ്ങളുള്ള 7 ബുക്കുകൾ തരുന്നതാണ്. സർട്ടിഫിക്കേറ്റ് ഇൻ മിനിസ്ട്രി ലഭിക്കുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കും.

*കൂടുതൽ വിവരങ്ങൾക്ക് എഴുതുവിൻ.*

ചെയർമാൻ, നെഹെമ്യ ബൈബിൾ കോളേജ്,
വിളിയുടെ പ്രതിധ്വനി, പോസ്റ്റ് ബോക്സ് 2957,
ചെപ്പോക്ക്, ചെന്നൈ - 600 005.
ഫോൺ: (044) 28528282, 28529293, 28547766,
മൊബൈൽ: 9841071852, 9566131858
E.mail : biblecor@yahoo.co.in

## വിളിയുടെ പ്രതിധ്വനി

**മാസിക സൗജന്യമായി ലഭിക്കുവാനുള്ള സുവർണ്ണാവസരം**

നിങ്ങളുടെ സ്നേഹിതരുടെയോ ബന്ധുക്കളുടെയോ വിലാസം തപാൽ, കത്ത്, ഇ-മെയിൽ, വാട്ട്സ്ആപ്, ഫോൺ ഇവയിൽ ഏതെങ്കിലുമൊന്നിലൂടെ ഞങ്ങളെ അറിയിക്കുകയാണെങ്കിൽ **വിളിയുടെ പ്രതിധ്വനി** മാസിക സൗജന്യമായി അവരുടെ വിലാസത്തിൽ ഞങ്ങൾ അയച്ചു കൊടുക്കുന്നതാണ്.

## നികുതി ഇളവ്

"ECHO OF HIS CALL EDUCATIONAL TRUST" ന് വ്യക്തിയോ സംഘടനയോ നൽകുന്ന സംഭാവനകൾ വരുമാന നികുതി ആക്ട് 80 ജി പ്രകാരം നികുതി ഇളവിന് അർഹമാണ്. ഇതിന് ഔദ്യോഗിക രസീത് നൽകുന്നതാണ്. ഇത്തരം സംഭാവനകൾക്കുള്ള പണച്ചീട്ട്, ഡ്രാഫ്റ്റ് എന്നിവ എക്കോ ഓഫ് ഹിസ് കോൾ എഡ്യൂക്കേഷണൽ ട്രസ്റ്റ് എന്ന പേരിൽ എടുത്ത് ഞങ്ങൾക്ക് അയച്ചുതരിക.

| | | |
|---|---|---|
| **Account Name** | : | **ECHO OF HIS CALL EDUCATIONAL TRUST** |
| **Account Number** | : | **1023 2923 805** |
| **Bank Name** | : | **STATE BANK OF INDIA** |
| **Branch** | : | **TRIPLICANE, CHENNAI - 600 005** |
| **IFSC Code** | : | **SBIN 0000249** |
| **SWIFT Code** | : | **SBI NIN BB 455** |



# കുടിലിൽ നിന്നും കൊട്ടാരത്തിലേക്ക്

## PIT TO PALACE

(പാസ്റ്റർ എസ്. സാം സെൽവരാജിന്റെ ജീവിതാനുഭവങ്ങൾ)

"വായിക്കുന്നവൻ ചിന്തിച്ചുകൊള്ളട്ടെ" (മത്തായി 24:15)

## വിസ്മയകരമായ ദൈവത്തിന്റെ കരങ്ങളിലെ അത്ഭുതകരമായ ശുശ്രൂഷകർ!

വിവിധ ക്രിസ്തീയ ശുശ്രൂഷകരുടെ ജീവചരിത്രം പരിശോധിച്ചു നോക്കുകയാണെങ്കിൽ, നമ്മുടെ പിതാവായ ദൈവം തന്റെ ദാസന്മാരുടെ എല്ലാ ആവശ്യങ്ങളും നിറവേറ്റിക്കൊടുക്കുന്നതിൽ വിശ്വസ്തനാണെന്നു നമുക്കു കാണാൻ സാധിക്കും. എല്ലാ ശുശ്രൂഷകർക്കും ആവശ്യങ്ങൾ ഇല്ലെങ്കിൽകൂടിയും അവരുടെ ജീവിതം വിജയിപ്പിക്കുവാൻ അവൻ വിശ്വസ്തനാണ്. അവൻ ഒരിക്കലും അവരെ ആശ്വസിപ്പിക്കാതെ വിടുകയില്ല.

1982-ൽ ചെന്നൈയ്ക്കു (മദ്രാസ്) സമീപമുള്ള ഒരു ഗ്രാമത്തിൽ സുവിശേഷം പ്രസംഗിക്കുവാൻ എന്നെ ക്ഷണിച്ചു. അത് ഒരു മുഴുദിവസ പരിപാടിയായിരുന്നു. ട്രെയിനിലാണ് എനിക്ക് അവിടെ പോകേണ്ടത്. തലേദിവസം പ്രാഥമിക ക്രമീകരണങ്ങൾ ചെയ്യുവാനായി എന്റെ ചില സുഹൃത്തുക്കൾ അവിടെ പോയി. ആ ദിവസം ഞാൻ ആ പ്രത്യേക പരിപാടിക്കായി അതിരാവിലെ തന്നെ തയ്യാറെടുക്കുകയും അനേകം പ്രാർത്ഥനകൾക്കുശേഷം റെയിൽവേ സ്റ്റേഷനിലേക്ക് പോകുകയും ചെയ്തു. എന്നാൽ വളരെയധികം ആത്മാർത്ഥതയോടെ ഞാൻ ശ്രമിച്ചിട്ടും എന്റെ യാത്ര്ക്ക് ആവശ്യമായ പണം ക്രമീകരിക്കുവാൻ എനിക്കു കഴിഞ്ഞില്ല. ട്രെയിൻ ടിക്കറ്റ് എടുക്കുവാൻ ആവശ്യമായ പണം എന്റെ പേഴ്സിൽ ഇല്ലായിരുന്നു.

റെയിൽവേ സ്റ്റേഷനിൽ എത്തിയപ്പോൾ എനിക്കു പോകേണ്ട ട്രെയിനിലേക്ക് ടിക്കറ്റ് എടുക്കാൻ ഒരു നീണ്ട ക്യൂ ഉണ്ടായിരുന്നു. ഗ്രാമത്തിലെ പരിപാടിക്ക് എന്റെ സാന്നിദ്ധ്യം വളരെ അത്യാവശ്യമായതിനാൽ വേറെ പോംവഴിയൊന്നും കാണാതെ ടിക്കറ്റിന് ആവശ്യമായ പണം ഉണ്ടെന്നമട്ടിൽ ഞാനും ആ ക്യൂവിൽ കയറി നിന്നു. ഒരു അത്ഭുതം സംഭവിക്കുമെന്ന് എന്റെ ആത്മാവിൽ പറഞ്ഞ് ഞാൻ ദൈവത്തിൽ വിശ്വസിച്ച് ക്യൂവിൽ നിന്നു.

ക്യൂ പതുക്കെ പതുക്കെ നീങ്ങിക്കൊണ്ടിരുന്നു. എന്റെ മുന്നിൽ നിന്ന ആളുകൾ പേഴ്സിൽ നിന്നും പണം എടുത്തു നൽകി ടിക്കറ്റ് എടുക്കുകയായിരുന്നു. പക്ഷെ, ഒരു സാധാരണ ദൈവദാസനായ എന്റെ പേഴ്സിൽ പണം ഇല്ലാത്തതിനാൽ, ടിക്കറ്റെടുക്കാനുള്ള എന്റെ ഊഴം വരുമ്പോൾ ഞാൻ എന്തു ചെയ്യുമെന്ന് അറിയാതെ എന്റെ ഹൃദയം വേഗത്തിൽ മിടിക്കുന്നുണ്ടായിരുന്നു.

ഒടുവിൽ, പണം നൽകി ടിക്കറ്റ് എടുക്കാനുള്ള എന്റെ ഊഴം വന്നു. എന്തു ചെയ്യണമെന്ന് എനിക്കറിയില്ലായിരുന്നു. "എവിടെയാണ് പോകേണ്ടത്" എന്ന് കൗണ്ടറിൽ ഇരുന്ന ആൾ എന്നോടു ചോദിച്ചു. അപ്പോൾ ഞാൻ "എനിക്കു പോകേണ്ടത്....." എന്നു പറഞ്ഞ ഉടനെ എന്റെ പിന്നിൽ നിന്നും ഒരാൾ കൗണ്ടർ ക്ലാർക്കിനോട്, "സർ, ദയവായി അദ്ദേഹത്തിൽനിന്നും പണം വാങ്ങരുത്; ഞാനും അദ്ദേഹത്തോടൊപ്പം യാത്ര ചെയ്യുകയാണ്. അദ്ദേഹത്തിന്റെ ടിക്കറ്റിന്റെ പണംകൂടെ ഞാൻ തരാം...." എന്നു പറഞ്ഞു. ടിക്കറ്റ് കൗണ്ടറിലെ ക്ലാർക്ക് എന്റെ പിന്നിൽ നിന്ന ആളിന്റെ സുഹൃത്ത് ആയതിനാൽ അദ്ദേഹം എന്റെ കൈയ്യിൽനിന്നും പണം വാങ്ങിയില്ല.

എന്റെ ഹൃദയം തകർന്നുപോയി. എനിക്ക് എന്നെത്തന്നെ നിയന്ത്രിക്കാൻ കഴിഞ്ഞില്ല. തന്റെ ഈ ചെറിയ ദാസനോട് ഞാൻ സേവിക്കുന്ന യജമാനന്റെ കരുതൽ മനസ്സിലാക്കിയപ്പോൾ ഞാൻ അവിടെ നിന്നും മാറി നിന്ന് ഒരു ചെറിയ കുട്ടിയെപോലെ കരഞ്ഞു. പിന്നെ ആ സഹോദരൻ പണം നൽകി എനിക്കുംകൂടി ടിക്കറ്റ് എടുത്ത് ഞങ്ങൾ ഒരുമിച്ച് യാത്ര ചെയ്തു. എന്റെ വിഷമാവസ്ഥയും കർത്താവിന്റെ ഇടപെടലും ഞാൻ അദ്ദേഹവുമായി പങ്കുവച്ചു. അദ്ദേഹം കണ്ണുനീരോടെ ദൈവത്തിനു നന്ദി പറഞ്ഞു. ആ ദിവസത്തെ പരിപാടിയെ ദൈവം സമൃദ്ധമായി അനുഗ്രഹിച്ചു.

പ്രീയ വായനക്കാരാ, നിങ്ങളുടെ എല്ലാ ആവശ്യങ്ങൾക്കും കർത്താവായ യേശുക്രിസ്തു കൂടെയുണ്ട്. കർത്താവ് തന്റെ ശുശ്രൂഷക്കായി നിങ്ങളെ വിളിക്കുകയാണെങ്കിൽ, മടിക്കുകയോ വൈകുകയോ ചെയ്യാതെ ഇറങ്ങി പുറപ്പെടുവിൻ.

**ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല; ഞാൻ നിങ്ങളുടെ അടുക്കൽ വരും - യോഹന്നാൻ 14:18.**

************

...06-ാം പേജിന്റെ തുടർച്ച

സ്വീകരിക്കയും അവളെയും മകനെയും ഉപേക്ഷിക്കുകയും ചെയ്തു. എന്നിട്ടും ദൈവം തന്റെ തിരഞ്ഞെടുപ്പിൽ ഉറച്ചുനിന്നു, അതിൽ വിശ്വസ്തനായി തുടർന്നു.

നിങ്ങൾ ആരായാലും ദൈവം വിശ്വസ്തനായിരിക്കും.

### (b) മോശെ!

ആത്മവിശ്വാസവും അഭിലാഷവും നഷ്ടപ്പെട്ട അവസ്ഥയിലാണ് ദൈവം മോശെയെ വിളിച്ചത്. നേതൃത്വം നൽകാൻ കഴിവുള്ളവനായി അവൻ സ്വയം കണ്ടില്ല. ഒരു ഇടയനെന്ന നിലയിൽ സംതൃപ്തനായ മോശെ, കത്തുന്ന മുൾപടർപ്പിൽ ദൈവത്തെ കണ്ടുമുട്ടിയപ്പോൾ ഒഴികഴിവുകൾ ഒന്നിനു പുറകെ ഒന്നായി പറഞ്ഞു (പുറപ്പാട് 3,4).

നമ്മുടെ ജീവിതം കൊണ്ടുള്ള ദൈവീക ഉദ്ദേശ്യം നിറവേറ്റാതെ നമ്മിൽ എത്രപേരാണ് ഒഴികഴിവുകൾ പറഞ്ഞുകൊണ്ടിരിക്കുന്നത്?

മോശെയുടെ ആത്മബോധവും അവനെക്കുറിച്ചുള്ള ദൈവത്തിന്റെ ധാരണയും തമ്മിലുള്ള പ്രകടമായ വ്യത്യാസം ശ്രദ്ധിക്കുക:

പുറപ്പാട് 3:11 **ഫറവോന്റെ അടുക്കൽ പോകുവാനും യിസ്രായേൽമക്കളെ മിസ്രയീമിൽനിന്നും പുറപ്പെടുവിക്കുവാനും ഞാൻ എന്തു മാത്രമുള്ളു...**

പുറപ്പാട് 4:1 **അവർ എന്നെ വിശ്വസിക്കാതെയും എന്റെ വാക്കു കേൾക്കാതെയും...**

പുറപ്പാട് 4:10 **ഞാൻ വാക്സാമർത്ഥ്യമുള്ളവനല്ല...**

പുറപ്പാട് 4:13 **കർത്താവേ, നിനക്കു ബോധിച്ച മറ്റാരെയെങ്കിലും അയക്കേണമേ...**

ഇതു മോശെയുടെ സ്വയംബോധത്തെ പ്രതിഫലിപ്പിക്കുന്നു-മടി, അരക്ഷിതാവസ്ഥ, അയോഗ്യത.

എന്നാൽ ഇപ്പോൾ ദൈവത്തിന്റെ വീക്ഷണം എന്താണെന്ന് മനസ്സിലാക്കുക.

പുറപ്പാട് 3:10 **ആകയാൽ വരിക; നീ എന്റെ ജനമായ യിസ്രായേൽമക്കളെ മിസ്രയീമിൽനിന്നു പുറപ്പെടുവിക്കേണ്ടതിന്നു ഞാൻ നിന്നെ ഫറവോന്റെ അടുക്കൽ അയക്കും.**

തന്റെ ജനത്തിന്റെ രക്ഷകനും നേതാവും സംരക്ഷകനും വിമോചകനുമായി ദൈവം മോശെയെ കണ്ടു. മോശെ സ്വയം സംശയിച്ചപ്പോഴും ദൈവം അവനെ ഒരു ദൈവീക ദൗത്യം ഏൽപ്പിച്ചു. ഒരുപക്ഷെ നിങ്ങൾ ഇതു വായിക്കുന്ന സമയം നിങ്ങൾ സ്വയം പരിമിതപ്പെടുത്തിയിരിക്കുന്ന നിങ്ങളുടെ കഴിവുകളെ ദൈവത്തിന്റെ വീക്ഷണകോണിലൂടെ ദൈവം കാണുകയായിരിക്കും. ദൈവത്തിന്റെ വീക്ഷണകോണിലൂടെ നിങ്ങളെത്തന്നെ വീക്ഷിക്കാൻ തുടങ്ങേണ്ട സമയമാണിത്.

ദൈവത്തെ പരിമിതപ്പെടുത്തരുത്. മോശെയെ ദൈവം വിളിച്ചപ്പോൾ അവന് 80 വയസ്സായിരുന്നു. ദൈവത്തിന്റെ സമയവും മനുഷ്യന്റെ പ്രതീക്ഷയും വളരെ അപൂർവ്വമായേ പൊരുത്തപ്പെടാറുള്ളു. മോശെക്കു തോന്നിയ കഴിവുകേടുകൾ ദൈവത്തിന്റെ ശക്തി പ്രകടിപ്പിക്കുവാനുള്ള വേദിയായി മാറി. സകലവും അവന്റെ കാൽക്കൽ സമർപ്പിച്ച് കീഴടങ്ങുകയാണ് വേണ്ടത്.

## (c) ദാവീദ്!



***ദാവീദിനെ ദൈവം ഹൃദയം കൊണ്ട് തിരഞ്ഞെടുത്തു***

യോസേഫ് പ്രസിദ്ധിയുള്ള കുടുംബത്തിലെ അംഗമല്ലായിരുന്നു. അവന് അഭിമാനിക്കത്തക്ക കുടുംബപാരമ്പര്യവും ഇല്ല. സ്വന്തം കുടുംബത്തിൽപോലും അവൻ അവഗണിക്കപ്പെട്ടിരുന്നു. അവഗണിക്കപ്പെട്ട ഇളയ മകനാണെങ്കിലും അവനെ അഭിഷേകം ചെയ്ത് യിസ്രായേലിന്റെ മഹത്വമേറിയ രാജാവാക്കി.

**മനുഷ്യൻ കണ്ണിന്നു കാണുന്നതു നോക്കുന്നു; യഹോവയോ ഹൃദയത്തെ നോക്കുന്നു** (1ശമൂവേൽ 16:7).

ദാവീദ് കഠിനമായ പാപം ചെയ്തപ്പോഴും, അവന്റെ മകനെ ദൈവം എടുത്തു എങ്കിലും അവൻ അനുതപിച്ചപ്പോൾ ദൈവം കരുണ കാണിച്ചു, വീണ്ടും വിശ്വസ്തനായിരുന്നു. ദൈവം അവനോടുള്ള സ്നേഹം പിൻവലിച്ചില്ല. ദാവീദിനെ ദൈവം തിരഞ്ഞെടുത്തു.

## (d) ശിഷ്യന്മാർ!

പന്ത്രണ്ടു ശിഷ്യന്മാരും വലിയ മഹത്വമേറിയ പശ്ചാത്തലത്തിൽനിന്നും ഉള്ളവരായിരുന്നില്ല-നികുതി പിരിവുകാരനായ മത്തായി, തീഷ്ണതയുള്ള ശീമോൻ, കൂടാതെ വിദ്യാഭ്യാസമില്ലാത്ത കുറെ മത്സ്യത്തൊഴിലാളികളും. സുവിശേഷത്തിൽ പറഞ്ഞിരിക്കുന്നതുപോലെ, ഇവർ പോരായ്മകളും പരാജയങ്ങളും ഉള്ള സാധാരണക്കാരായിരുന്നു.

എന്നാലും, യേശുക്രിസ്തു തന്റെ വിളി ഒരിക്കലും പിൻവലിച്ചില്ല. പ്രവൃത്തികളുടെ പുസ്തകത്തിൽ, പെന്തെക്കോസ്തിനുശേഷം സമൂലമായ പരിവർത്തനത്തിനു നാം സാക്ഷ്യം വഹിക്കുന്നു. വിവിധ വ്യക്തികളിലൂടെ ദൈവീകശക്തി വെളിപ്പെടുത്തുന്നു.

പ്രിയ സുഹൃത്തുക്കളേ,

നാം തിരഞ്ഞെടുക്കപ്പെട്ടത് നമ്മുടെ യോഗ്യത കൊണ്ടല്ല, ദൈവത്തിന്റെ പരമാധികാര ഇച്ഛാശക്തിയും നിലക്കാത്ത സ്നേഹത്തിലൂടെയുമാണ്. അവന്റെ തിരഞ്ഞെടുപ്പുകൾ മനുഷ്യന്റെ യുക്തിയെ മറികടക്കുന്നു.

തന്റെ ശക്തി പ്രകടിപ്പിക്കാൻ അവൻ ദുർബലരെ തിരഞ്ഞെടുക്കുന്നു. ജ്ഞാനികളെ ലജ്ജിപ്പിക്കാൻ അവൻ വിഡ്ഢികളെ ഉപയോഗിക്കുന്നു. ഇതുവരെ നിലവിലില്ലാത്ത കാര്യങ്ങളെ അവൻ അസ്തിത്വത്തിലേക്ക് വിളിക്കുന്നു. നമുക്ക് ചോദിക്കാനോ സങ്കല്പിക്കാനോ കഴിയുന്നതിനേക്കാൾ വളരെയധികം ചെയ്യാൻ അവന് കഴിയും.

അതാണ് നമ്മുടെ ദൈവത്തിന്റെ ശക്തി.

അവന് ആരെയും തന്റെ മഹത്വത്തിനായി ഉപയോഗിക്കാൻ കഴിയും-അവന്റെ തിരഞ്ഞെടുപ്പുകൾ മനഃപൂർവ്വമാണ്!

ഓർക്കുക: നിങ്ങൾ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവരാണ്.

സ്വന്തം കരങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ടത്. ഒരു ദൈവീക ഉദ്ദേശ്യത്തിനായി, ഫലം കായ്ക്കാനായി, മനഃപൂർവ്വ് തിരഞ്ഞെടുത്തത്. ഫലം കായ്ക്കുന്ന ഒരു ജീവിതത്തെയാണ് ദൈവം പ്രതീക്ഷിക്കുന്നത്.

ദൈവം നാം ഓരോരുത്തരെയും അവന്റെ മഹത്വത്തിനായി ഫലം കായ്ക്കുന്ന ജീവിതം നയിക്കാൻ ശക്തരാക്കട്ടെ, കാരണം അവന്റെ മടങ്ങിവരവിൽ അവൻ ഫലം അന്വേഷിക്കും.

************

**URGENT NEED for CHRISTIAN OFFICE**

**1. COMPUTER OPERATORS**

**2. PRINTING PRESS OPERATORS**

**Contact : (+91) 98412 71858, E.mail : sam@echoofhiscall.org**

**NOTICE**

Please store the Mobile Phone numbers (+91) 98410 71858, (+91) 98412 71858 of Pastor S. Sam Selva Raj on your mobile phones.

- Editor

"Egmore RMS Patrika Channel" RNI.No.55468/94, Postal Regn.No.TN/CH/(C)/199/24-26 WPP.No.TN/PMG(CCR)/WPP-221/24-26

## Echo of His Call

**YouTube**
**Please subscribe**

Kindly view and subscribe our **Echo of His Call YouTube Channel** when you get time. Thanks.

- Editor

## OUR BANK DETAILS:

### 1. Bank : State Bank of India

Branch : Triplicane, Chennai-5
Name : S. Sam Selva Raj
A/C No. : 1023 2934 679
IFSC : SBIN 00 00 249
SWIFT CODE : SBI NIN BB 455

### 2. Bank : ICICI Bank

Branch : Anna Salai, Chennai-6
Name : Echo of His Call
A/C No. : 6038 0502 2319
IFSC : ICIC 000 6038

### 3. Bank : State Bank of India

(This Account is for Tax Exemption for Indians only )

Branch : Triplicane, Chennai-5
Name : Echo of His Call Educational Trust
A/C No. : 1023 2923 805
IFSC : SBIN 00 00 249

Google Pay: 98410 71858
PayPal : SAM SELVA RAJ
*****
E.mail : sam@echoofhiscall.org

# വിളിയുടെ പ്രതിധ്വനി

**16 ഭാഷകളിലെ മാസിക, ബൈബിൾ കോളേജുകൾ, പോസ്റ്റൽ കോഴ്സുകൾ, സഭ സ്ഥാപിക്കുക, വില്ലേജ് ഇംഗ്ലീഷ് ഹൈസ്കൂൾ, സുവിശേഷ അച്ചടിശാല, ക്രൂസേഡുകൾ, സെമിനാറുകൾ, സാമൂഹ്യസേവനം മുതലായവ**

വാർഷിക വരിസംഖ്യ : 100/- രൂപ    ആയുഷ്കാല വരിസംഖ്യ : 2000/- രൂപ

നിങ്ങളെപ്പോലെയുള്ള ദൈവമക്കളുടെ സഹായവും ഉദാരമായ സംഭാവനയുമാണ് **വിളിയുടെ പ്രതിധ്വനി**യുടെ വൈവിധ്യമുള്ള പ്രവർത്തനങ്ങൾക്കു സഹായകമായിട്ടുള്ളത്. ദൈവം പ്രേരിപ്പിക്കുന്നതുപോലെ **വിളിയുടെ പ്രതിധ്വനി** പ്രവർത്തനങ്ങളെ സഹായിക്കുവിൻ. സുവിശേഷം ഇതുവരെയും എത്തിച്ചേരാത്ത സ്ഥലങ്ങളിൽ സുവിശേഷം എത്തിക്കുവാനും സഭകൾ സ്ഥാപിക്കുവാനും നിങ്ങളുടെ സഹായം ആവശ്യമാണ്.

**വിളിയുടെ പ്രതിധ്വനി** മാസിക തുടർച്ചയായി ലഭിക്കണമെങ്കിൽ ഞങ്ങൾക്ക് എഴുതുവിൻ. നിങ്ങളുടെ വിലാസം മാറുമ്പോൾ പഴയതും പുതിയതുമായ വിലാസങ്ങളും ഇമെയിൽ അഡ്രസും അറിയിക്കുവിൻ.

ഞങ്ങളുടെ വെബ്സൈറ്റിൽ 16 ഭാഷകളിലെ മാസികകളും ലഭ്യമാണ്. വെബ്സൈറ്റിൽ കയറി നിങ്ങൾക്ക് അത് വായിക്കുകയും ഡൗൺലോഡ് ചെയ്യുകയും ചെയ്യാവുന്നതാണ്.

നിങ്ങളുടെ കത്തുകൾ, പ്രാർത്ഥനാ ആവശ്യങ്ങൾ, സാമ്പത്തിക സഹായം **ഡിമാന്റ് ഡ്രാഫ്റ്റ്, ചെക്ക്, മണി ഓർഡർ, പെ പാൽ (Sam Selva Raj, sam@echoofhiscall.org), നെഫ്റ്റ്, ഫോൺ പെ (9841071858) , ഗൂഗിൾ പെ (9841071858), വെസ്റ്റേൺ യൂണിയൻ മണിഗ്രാം** തുടങ്ങിയവയിലൂടെ താഴെ കാണുന്ന വിലാസത്തിൽ ദയവായി അയക്കുവിൻ.

നിങ്ങളുടെ ഫോൺ/മൊബൈൽ നമ്പർ, ഇമെയിൽ അഡ്രസ് തുടങ്ങിയവ അയച്ചുതരിക.


## ECHO OF HIS CALL

10, MOHAMMED ABDULLAH 2nd STREET, CHEPAUK
CHENNAI - 600 005, INDIA
PH : (+91-44) 2852 8282, 2852 9293, 2854 7766
CELL : (+91) 98410 71852, 95661 31858
E-mails : sam@echoofhiscall.org / biblecor@yahoo.co.in
Websites : www.echoofhiscall.org / www.stpaulsmatriculation.org


**YOU CAN SEND YOUR DONATION ONLINE ALSO**


Regd. with the RNI under No. 55468/94
Licenced to post without pre-payment
Postal Regn. No. TN/CH (C) /199/24-26
Licence No. WPP. No. TN/PMG(CCR)/WPP-221/24-26
Date of Publication: First week of every month
Date of Posting : 3rd & 4th of every month Posted at "Egmore RMS Patrika Channel"
on 4th JULY 2025.


If un-delivered please return to:

**ECHO OF HIS CALL (MALAYALAM)**
P.O. Box No. 2957, Chepauk, Chennai - 600 005, INDIA.
Phone: (+ 91- 44) 2852 8282, 2852 9293, 2854 7766

*JESUS LOVES YOU!*

To

*GOD BLESS YOU!*

Owned and published by **S. Sam Selva Raj** from New No. 8 & 10, Old No.18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005 and printed by **S. Sam Selva Raj** at **Echo of His Call Printers**, New No. 8 & 10, Old No.18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005. Editor: **S. Sam Selva Raj.**